**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5572** **13-08-2021 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പ്രളായാനന്തര പുന:നിർമ്മാണത്തിന്റെ ഭാഗമായി വനം വകുപ്പ് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം ലക്ഷ്യംവച്ച് നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | പ്രളയാനന്തര പുന:നിർമ്മാണത്തിന്റെ ഭാഗമായി സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം ലക്ഷ്യം വച്ച് റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പ്രോഗ്രാമിൽ വനംവകുപ്പിനു കീഴിൽ വനത്തിനകത്തുള്ള ആദിവാസി ഇതര സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം, സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ, സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകളുടെ ഏറ്റെടുക്കൽ എന്നീ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. 1. സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം പുനരധിവാസത്തിനു സ്വയം സന്നദ്ധമാകുന്ന ഒരു അർഹമായ കുടുംബത്തിന് 15 ലക്ഷം രൂപ എന്ന നിരക്കിൽ സംസ്ഥാന ലെവൽ എംപവേഡ് കമ്മറ്റി (SLEC) 78 അർഹതപ്പെട്ട കുടുംബങ്ങളുടെ (ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷൻ-57, കാസർഗോഡ് ഡിവിഷൻ-21) പുനരധിവാസത്തിന് ഇതുവരെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ തുടർനടപടി ക്രമങ്ങൾ അതാത് ഡിവിഷനു കീഴിൽ പുരോഗമിക്കുന്നുണ്ട്. 2. സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനവുമായി ബന്ധപ്പെട്ട് ആദ്യഘട്ടത്തിൽ 6 ഡിവിഷനുകളിലായി 13 എസ്റ്റേറ്റുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഡിവിഷൻ തലത്തിൽ ഇതുമായി ബന്ധപ്പെട്ട രേഖകളുടെ പ്രാഥമിക പരിശോധന നടത്തി വരുന്നു. 3. കണ്ടൽ കാട്ടുകളുടെ ഏറ്റെടുക്കലും സംരക്ഷണവും കേരളത്തിലെ ഏതാണ്ട് 12 ച.കി.മീ. വരുന്ന സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽവനങ്ങൾ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് |

| | | | |
|---|---|---|---|
| | | | ഇക്കോളജിക്കലി ഫ്രെജൈൽ ലാൻറ്സ്) ആക്റ്റ് 2003, സെക്ഷൻ 4(1) പ്രകാരം നഷ്ടപരിഹാരം നൽകിയോ അല്ലെങ്കിൽ റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ & ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസേഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെൻറ് ആക്റ്റ് 2013 പ്രകാരമോ അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനാണ് ഈ പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. ആദ്യ ഘട്ടത്തിൽ തൃശ്ശൂർ, കൊല്ലം, കണ്ണൂർ, മലപ്പുറം എന്നീ നാല് ജില്ലകളിലെ കണ്ടൽ കാടുകൾക്ക് അർഹമായ നഷ്ടപരിഹാര തുക നൽകി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | ഇതിനായി സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്. വനംവകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഒരു ഉപപദ്ധതിയാണ് സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ. |
| (സി) | ഏതെല്ലാം നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ അംഗീകരിച്ച ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (DPR) പ്രകാരം കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രെജൈൽ ലാന്റ്സ്) ആക്റ്റ് 2003, സെക്ഷൻ 4(1) പ്രകാരം നഷ്ടപരിഹാരം നൽകിയോ അല്ലെങ്കിൽ റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ & ട്രാൻസ്പരൻസി ഇൻ ലാൻറ് അക്വിസേഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് ആക്റ്റ് 2013 പ്രകാരമോ തോട്ടം ഭൂമി ഏറ്റെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | ഏറ്റെടുത്ത എസ്റ്റേറ്റുകളുടെ നഷ്ടപരിഹാര തുകയുടെ വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ആയതിനാൽ നഷ്ടപരിഹാര തുക നിശ്ചയിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ